(ഡി) ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം, ദ്വിദിന കോളേജ് സെമിനാർ എന്നീ പുതിയ പദ്ധതികൾ സംഘടിപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പദ്ധതികൾക്കുമായി 2019-20 സാമ്പത്തികവർഷം ബഡ്ജറ്റിൽ ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തി ആകെ 91,61,000 രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

(ഇ) നിലവിൽ പരിഗണനയിലില്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ

80 (6153) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നു. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പാർലമെന്ററികാര്യ വിഷയങ്ങളിൽ അവബോധം വർദ്ധിപ്പിക്കാനും ഭരണഘടന, ജനാധിപത്യ മൂല്യങ്ങൾ, മനുഷ്യാവകാശം എന്നിവയിൽ അടിസ്ഥാനപരമായ ധാരണകൾ സൃഷ്ടിക്കുന്നതിനും പൗരബോധവും മൂല്യബോധവുമുള്ള പൗരന്മാരാക്കുന്നതിനും വഴിയൊരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly